**കേരള സർക്കാർ**

**നം.ഡി.എ 1/219/2019/തസ്വഭവ** തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 10.07.2019

**സർക്കുലർ**

വിഷയം:- - തദ്ദേശഭരണ സ്ഥാപനങ്ങൾ 2019-20 വർഷം മികവിന്റെ വർഷമാക്കുന്നത് -സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.19 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നംബർ 3.1

തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിലവിലെ ഭരണസമിതിക്ക് പദ്ധതി നിർവഹണത്തിന് ലഭിക്കുന്ന അവസാനത്തെ പൂർണ്ണ വർഷമായ 2019-20 മികവിന്റെ വർഷമാക്കണമെന്നും പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ മറ്റു ഭരണ ചുമതലകളിലും ഇതു പ്രതിഫലിക്കണമെന്നുമാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിനായി നികുതി പിരിവ്, ISO സർട്ടിഫിക്കേഷനടക്കമുള്ള മറ്റു ഭരണപരമായ കാര്യങ്ങൾ എന്നിവയിൽ ഇടപെടൽ നടത്തി നടപടികൾ അതത് വകുപ്പു മേധാവികൾ സ്വീകരിക്കേണ്ടതാണ്. സംസ്ഥാന തലത്തിൽ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ (പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ) എല്ലാ മാസവും അതതു വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തി നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടതും ആയത് സംബന്ധിച്ച റിപ്പോർട്ട് വകുപ്പു മേധാവികൾ കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകേണ്ടതുമാണ്.

ജില്ലാ തലത്തിൽ പദ്ധതി നിർവഹണത്തിലെ കാര്യക്ഷമത ഉറപ്പാക്കാൻ പദ്ധതി അവലോകനം ജില്ലാ ആസൂത്രണസമിതി കൃത്യമായി നടത്തേണ്ടതാണ്. അവലോകനം താഴെപ്പറയുന്ന രീതിയിൽ ചിട്ടപ്പെടുത്തണം.

(i) ഗ്രാമപഞ്ചായത്തുകളുടേയും ബ്ലോക്കു പഞ്ചായത്തുകളുടേയും പദ്ധതി അവലോകനം ബ്ലോക്കുതലത്തിൽ നടത്തണം

(ii) ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നിവയുടെ അവലോകനം ജില്ലാതലത്തിൽ നടത്തണം.

ഈ രീതിയിൽ അവലോകനം ഈ വർഷം കുറഞ്ഞത് 3 പ്രാവശ്യമെങ്കിലും നടത്തണം. ആദ്യഘട്ട അവലോകനം ജൂലൈ 15 മുതൽ ആഗസ്റ്റ് 15 വരെയുള്ള സമയത്ത് പൂർത്തിയാക്കണം. രണ്ടാം ഘട്ടം ഒക്ടോബർ 15 മുതൽ നവംബർ 15 വരെയും മൂന്നാം ഘട്ടം ഡിസംബർ 15 മുതൽ ജനുവരി 15 വരെയുമായി നടത്തണം. പദ്ധതി നിർവഹണ കലണ്ടർ പ്രകാരം നിർവഹണം കാര്യക്ഷമമാക്കുന്നതിനുള്ള ഒരുക്കങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം. പദ്ധതി നിർവഹണത്തിലെ തടസ്സങ്ങൾ പരിഹരിക്കാൻ അപ്പപ്പോൾ നടപടി

സ്വീകരിക്കണം. സംസ്ഥാനതലത്തിൽ പരിഹരിക്കേണ്ട വിഷയങ്ങൾ ക്രോഡീകരിച്ച് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ ചീഫ് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകേണ്ടതാണ്. ബ്ലോക്ക്/ജില്ലാതല അവലോകന യോഗങ്ങളിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കഴിവതും അവലോകന യോഗങ്ങളിൽ ജില്ലാ കളക്ടർ പങ്കെടുക്കേണ്ടതും സാധിക്കാത്ത സ്ഥലങ്ങളിൽ പ്രതിനിധിയെ ചുമതലപ്പെടുത്തേണ്ടതുമാണ്. ഓരോ ബ്ലോക്ക്തല അവലോകനത്തിനും ജില്ലാ ആസൂത്രണസമിതി മെമ്പർമാർക്ക് ചുമതല വീതിച്ച് നൽകണം.

മുകളിൽ പറഞ്ഞ രീതിയിൽ അവലോകനം ജില്ലാ ആസൂത്രണസമിതി ചിട്ടപ്പെടുത്തേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (ചീഫ് വികേന്ദ്രീകൃതാസൂത്രണം മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ചീഫ് വികേന്ദ്രീകൃതാസൂത്രണം, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:**- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (അർബൻ) യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ